# ഏറ്റവും വലുത് സ്രഷ്ടാവിന്റെ അംഗീകാരം

**എം. എം. അക്ബർ**

ഇസ്ലാമിക പ്രബോധനത്തിന്റെ ശൈലിയെക്കുറിച്ചുള്ള ഒരു സ്വകാര്യ ചർച്ചയിൽ ഒരു സുഹൃത്ത് സൂചിപ്പിച്ചു: ''ജനങ്ങളുടെ അംഗീകാരവും ആദരവും നേടിയെടുത്തവരായിരിക്കണം പ്രബോധകർ. അവരുടെ ആദരവിന് വിഘ്നം വരുത്തുന്ന യാതൊന്നും പ്രബോധകരിൽനിന്ന് ഉണ്ടായിക്കൂടാ....''

ഒറ്റനോട്ടത്തിൽ ഏറെ പ്രസക്തമെന്ന് തോന്നുന്ന അഭിപ്രായമാണിത്. എന്നാൽ ഏറെ അപകടകരമാണ് ഈ വീക്ഷണം. പ്രബോധിതസമൂഹത്തിന് നടുവിൽ ജീവിക്കുന്ന പ്രബോധകൻ മാതൃകാപരമായി ജീവിക്കുന്നവനാകണമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. അയാളുടെ ജീവിതത്തിലെ ചെറിയ തെറ്റുകൾ പോലും പ്രബോധന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാം. ഇസ്ലാമിക വിശ്വാസങ്ങളെയും കർമങ്ങളെയും ജീവിതചര്യയെയും സ്വന്തം ജീവിതത്തിലേക്ക് സന്നിവേശിപ്പിക്കാത്തവർക്ക് എങ്ങനെയാണ് മറ്റുള്ളവരെ ഈ ആദർശത്തെക്കുറിച്ച് ബോധ്യപ്പെടുത്തുവാൻ കഴിയുക? അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരുടെ മഹത്വത്തെക്കുറിച്ച് പരാമർശിച്ച ഉടനെതന്നെ ഖുർആൻ പറയുന്നത് അവർ സൽകർമങ്ങൾ അനുഷ്ഠിക്കുന്നവരും അല്ലാഹുവിന് കീഴ്പെട്ടവരിൽപെട്ടയാളുകളാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നവരുമായിരിക്കുമെന്നാണ്: ''അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്യുന്നവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്'' (41:33).

എന്നാൽ പ്രബോധകൻ നല്ലവനാകണമെന്ന് പറയുന്നതും നല്ലവനാണെന്ന് പ്രബോധിതസമൂഹത്തെ ബോധ്യപ്പെടുത്തണമെന്ന് പറയുന്നതും രണ്ടാണ്. പ്രബോധകൻ നന്നാവുന്നത് ജനങ്ങളുടെ അംഗീകാരവും ആദരവും നേടിയെടുക്കുന്നതിനുവേണ്ടിയല്ല; അല്ലാഹുവിന്റെ സംതൃപ്തി മാത്രം ലക്ഷ്യം വെച്ചുകൊണ്ടാണ് അയാൾ സൽകർമങ്ങളനുഷ്ഠിക്കുന്നത്. ജനങ്ങളുടെ അംഗീകാരത്തിന് വേണ്ടിയുള്ള നന്നാവലിന് ജീവനുണ്ടാവുകയില്ല; അതുമൂലം അല്ലാഹുവിന്റെ സംതൃപ്തി തീരെ ലഭിക്കുകയുമില്ല. എന്നാൽ അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യമാക്കി ഒരാൾ നന്നാവുമ്പോൾ സ്വാഭാവികമായും അയാൾക്ക് ജനങ്ങളുടെ അംഗീകാരവും ലഭിച്ചേക്കാം. പ്രസ്തുത അംഗീകാരം അല്ലാഹുവിൽനിന്ന് ലഭിക്കുന്ന അനുഗ്രഹവും പരീക്ഷണവുമായി മനസ്സിലാക്കേണ്ടവനാണ് പ്രബോധകൻ. ആ അംഗീകാരം അവനെ അഹങ്കാരിയാക്കുകയോ പ്രസ്തുത അംഗീകാരം നിലനിർത്തുന്നതിനുവേണ്ടി പണിയെടുക്കുന്നവനാക്കി തീർക്കുകയോ ചെയ്യുന്നുവെങ്കിൽ അല്ലാഹുവിന്റെ പരീക്ഷണത്തിൽ അയാൾ പൂർണമായി പരാജയപ്പെട്ടുവെന്നാണർഥം.

പ്രബോധന പ്രവർത്തനങ്ങൾ വഴി ജനങ്ങളുടെ അംഗീകാരവും കൈയടിയുമല്ല; പ്രത്യുത അവഹേളനങ്ങളും അപമാനവുമാണ് ലഭിക്കുകയെന്നാണ് പ്രവാചകന്മാരുടെ ചരിത്രം നമുക്ക് നൽകുന്ന പാഠം. പ്രവാചകന്മാരോടുള്ള പ്രബോധിതരുടെ പ്രതികരണം വ്യക്തമാക്കുന്ന ചില ഖുർആൻ സൂക്തങ്ങൾ നോക്കുക.

''അവർ പറഞ്ഞു: നൂഹേ, നീ (ഇതിൽനിന്നു) വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും നീ എറിഞ്ഞുകൊല്ലപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും'' (26:116).

''അവർ പറഞ്ഞു: തീർച്ചയായും ഞങ്ങൾ നിങ്ങളെ ഒരു ദുശ്ശകുനമായി കരുതുന്നു. നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കാത്തപക്ഷം നിങ്ങളെ ഞങ്ങൾ എറിഞ്ഞോടിക്കുകതന്നെ ചെയ്യും. ഞങ്ങളിൽനിന്ന് വേദനിപ്പിക്കുന്ന ശിക്ഷ നിങ്ങളെ സ്പർശിക്കുകതന്നെ ചെയ്യും'' (36:18).

''അവർ പറഞ്ഞു: ശുഐബേ, നീ പറയുന്നതിൽനിന്ന് അധിക ഭാഗവും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. തീർച്ചയായും ഞങ്ങളിൽ ബലഹീനനായിട്ടാണ് നിന്നെ ഞങ്ങൾ കാണുന്നത്. നിന്റെ കുടുംബങ്ങൾ ഇല്ലായിരു

ന്നെങ്കിൽ നിന്നെ ഞങ്ങൾ എറിഞ്ഞുകൊല്ലുകതന്നെ ചെയ്യുമായിരുന്നു. ഞങ്ങളെ സംബന്ധിച്ചേടത്തോളം നീയൊരു പ്രതാപവാനൊന്നുമല്ല'' (11:91).

''തീർച്ചയായും നിങ്ങളെപ്പറ്റി അവർക്ക് അറിവ് ലഭിച്ചാൽ അവർ നിങ്ങളെ എറിഞ്ഞുകൊല്ലുകയോ, അവരുടെ മതത്തിലേക്ക് മടങ്ങാൻ നിങ്ങളെ നിർബന്ധിക്കുകയോ ചെയ്യും.....'' (18:20).

''അദ്ദേഹത്തിന്റെ ജനതയിലെ അഹങ്കാരികളായ പ്രമാണിമാർ പറഞ്ഞു: ശുഐബേ, തീർച്ചയായും ഞങ്ങൾ നിന്നെയും നിന്റെ കൂടെയുള്ള വിശ്വാസികളെയും ഞങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കുകതന്നെ ചെയ്യും, അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മാർഗത്തിൽ മടങ്ങി വരികതന്നെ വേണം.......'' (7::88).

''അവിശ്വാസികൾ തങ്ങളിലേക്കുള്ള ദൈവദൂതന്മാരോട് പറഞ്ഞു: ഞങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ ഞങ്ങൾ പുറത്താക്കുകതന്നെ ചെയ്യും. അല്ലാത്തപക്ഷം നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചുവന്നേ തീരൂ.........'' (14:13).

ഈ ഖുർആൻ സൂക്തങ്ങൾ വ്യക്തമാക്കുന്ന യാഥാർഥ്യമെന്താണ്? ജനങ്ങളുടെ എതിർപ്പും വെറുപ്പുമെല്ലാം തൃണവൽഗണിച്ചുകൊണ്ട് അല്ലാഹുവിലേക്ക് ക്ഷണിച്ച പ്രവാചകന്മാരാരും അല്ലാഹുവിന്റെ അംഗീകാരമല്ലാതെ മറ്റൊന്നുംതന്നെ ആഗ്രഹിച്ചിരുന്നില്ല. അവരാണ് എക്കാലത്തെയും പ്രബോധകർക്കുള്ള മാതൃക. ജനങ്ങളുടെ അംഗീകാരത്തിന് വേണ്ടി പ്രവർത്തിച്ചവരുടെ പരിണതിയെക്കുറിച്ച് പഠിപ്പിക്കുന്ന ഒരു ഹദീഥിന്റെ സാരം കാണുക:

''മഹ്മൂദുബ്നു ലബീദ് നിവേദനം: നബി(സ) പറഞ്ഞു: നിങ്ങളുടെമേൽ ഞാൻ ഏറ്റവുമധികം ഭയപ്പെടുന്നത് ചെറിയ ശിർക്കാണ് (ശിർക്കുൽ അസ്ഗർ). അവർ ചോദിച്ചു: പ്രവാചകരേ, എന്താണ്ചെറിയ ശിർക്ക്? അദ്ദേഹം പ്രതിവചിച്ചു: ലോകമാന്യം. അടിമകൾക്ക് അവരുടെ കർമങ്ങൾക്ക് പ്രതിഫലം നൽകുന്ന നാളിൽ, ആളുകളെ കാണിക്കാനായി കർമങ്ങൾ ചെയ്തവരോട് അല്ലാഹു പറയും, ആരുടെ പ്രീതിക്ക് വേണ്ടിയാണോ നിങ്ങൾ കർമങ്ങൾ ചെയ്തത് അവരുടെ അടുക്കൽനിന്ന് വല്ലതും ലഭിക്കുമോ എന്ന് നോക്കുക'' (മുസ്നദ് അഹ്മദ്, ഹദീഥ്: 22528).